# സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ചെയർമാൻ ആന്റ് മാനേജിംങ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം

പി.ആർ.സി/001323/07

തീയതി: 30.09.2010

## സർക്കുലർ നമ്പർ - 12

വിഷയം: സേവനവേതന പരിഷ്ക്കരണം **2008 - 01.03.09** നു ശേഷം ഗ്രേഡ് പ്രമോഷൻ ലഭിക്കുന്നവരുടെ **28A** യുടെ ഓപ്ഷൻ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനു ശേഷം അടുത്ത വാർഷിക ഇൻക്രിമെന്റിന്റെ പ്രാബല്യം മാസാദ്യം നല്കുന്നതു സംബന്ധിച്ച്

സൂചന:
1. സർക്കാർ ഉത്തരവ് (പി) **26/09/** ട്രാൻ തീയതി: **13.02.09**
2. എൽ.ആർ. **8/001313/06** തീയതി: **18.02.09**
3. ശമ്പള പരിഷ്ക്കരണ്ണ കരാറിലെ ഖണ്ഡം **XVIII**- പുതിയ സമയബന്ധിത ഗ്രേഡ് പ്രമോഷനുകൾ
4. വിഴിഞ്ഞം യൂണിറ്റാഫീസറുടെ **E2/3170/10, 04.08.10** ലെ കത്ത്

01.03.09 - ൽ പുതുക്കിയ ശമ്പളം നിലവിൽ വന്നശേഷം ഗ്രേഡ് പ്രമോഷന് അർഹത നേടുന്ന ജീവനക്കാരന് പാർട്ട് I കെ.എസ്.ആർ. ചട്ടം 28A എന്ന റൂൾ അനുസരിച്ച് ശമ്പളം നിർണ്ണയിച്ച ശേഷം അടുത്ത ഇൻക്രിമെന്റിന് പ്രാബല്യം നല്കുന്നതു സംബന്ധിച്ച് യൂണിറ്റുകളിൽ നിന്നും ഉയർന്ന സംശയങ്ങൾക്കുള്ള മറുപടി സോദാഹരണം താഴെ വിവരിക്കുന്നു.

പാർട്ട് I- കെ.എസ്.ആർ. 28A യുടെ സർക്കാർ ഭേദഗതി 2006 സ്കെയിൽ പരിഷ്ക്കരണത്തിൽ കെ.എസ്.ആർ.ടി.സി.യിലും നടപ്പിൽ വരുത്തിയിരുന്നു, അതനുസരിച്ച് ടെന്റേറ്റീവ് /അബ്സൊല്യൂട്ട് പ്രമോഷൻ തീയതികളിൽ 28A ഓപ്ഷൻ നൽകുന്ന ജീവനക്കാരുടെ ശമ്പള നിർണ്ണയവും പ്രാബല്യത്തീയതിയും ഇനിപ്പറയും പ്രകാരമായിരിക്കും.

1. താഴ്ന്ന തസ്തികയിലെ ഇൻക്രിമെന്റ് തീയതിക്കു മുൻപ് പ്രമോഷൻ വരികയും 28A യുടെ ഓപ്ഷൻ ഫാറത്തിലെ ഖണ്ഡിക 2 (അതായത് 28A (b)) ഓപ്റ്റ് ചെയ്യുകയും ചെയ്താൽ ആദ്യം ടെന്റേറ്റീവ് പ്രമോഷൻ തീയതിയിൽ ഒരു ഇൻക്രിമെന്റിന്റേയും (തൊട്ടടുത്ത സ്റ്റേജ്) താഴ്ന്ന തസ്തികയിലെ ഇൻക്രിമെന്റ് തീയതിയിൽ അബ്സൊല്യൂട്ട് പ്രമോഷൻ നല്കി രണ്ട് ഇൻക്രിമെന്റിന്റേയും (നോഷണൽ+അടുത്ത സ്റ്റേജ്)ആനുകൂല്യം, അവ രണ്ടും അർഹത നേടുന്ന ദിവസം മുതൽ മാത്രം പ്രാബല്യം നല്കേണ്ടതുമാണ്.

**ഉദാ:** *10.04.09 ൽ 11660 അടിസ്ഥാന ശമ്പളം വാങ്ങുന്ന ഒരു സെലക്ഷൻ ഗ്രേഡ് ജീവനക്കാരന് 20.08.09 ൽ സ്പെഷ്യൽ ഗ്രേഡിലേക്ക് സമയബന്ധിത ഗ്രേഡ് പ്രമോഷൻ ലഭിക്കുകയും ടിയാൻ 28A(b) ഖണ്ഡിക ഓപ്ഷൻ നല്കുകയും ചെയ്താൽ ശമ്പള നിർണ്ണയവും അടുത്ത ഇൻക്രിമെന്റും പ്രാബല്യവും നിർണ്ണയിക്കുന്നവിധം.*

| ഗ്രേഡ് | ശമ്പളം | നിർണ്ണയിക്കുന്ന തീയതി | പ്രാബല്യ തീയതി |
|---|---|---|---|
| സെലക്ഷൻ ഗ്രേഡ് | 11660 | 10.04.09 | 01.04.09 |
| സ്പെഷ്യൽ ഗ്രേഡ് (റ്റെന്റേറ്റീവ്) | 12060 | 20.08.09 | 20.08.09<br>ഉയർന്ന സ്കെയിൽ ഫിക്സേഷൻ |
| സ്പെഷ്യൽ ഗ്രേഡ് (അബ്സൊല്യൂട്ട്) | 12860 | 10.04.10 | 10.04.10<br>28A(b) അനുസരിച്ച് |
| അടുത്ത ഇൻക്രിമെന്റ് | 13260 | 10.04.11 | 01.04.11 |

2. പാർട്ട് I കെ.എസ്.ആർ. 28A യുടെ ഓപ്ഷൻ ഖണ്ഡിക I (അതായത് 28A (a)) ഓപ്റ്റ് ചെയ്താൽ ആ ജീവനക്കാരന് പിന്നീട് റീ-ഫിക്സേഷൻ നല്കാനില്ലാത്തതിനാൽ ആ ഗ്രേഡ് പ്രമോഷനെ അബ്സൊല്യൂട്ട് ആയി പരിഗണിക്കേണ്ടതും ആ ദിവസം രണ്ടു ഇൻക്രിമെന്റിന്റെ ആനുകൂല്യം (നോഷണൽ+അടുത്ത സ്റ്റേജ്) നല്കേണ്ടതുമാണ്. അടുത്ത ഇൻക്രിമെന്റ് ഒരു ഇൻക്രിമെന്റ് വർഷം പൂർത്തിയാകുന്ന മുറയ്ക്ക് നല്കാവുന്നതും അതിന്റെ പ്രാബല്യം മാസാദ്യം മുതൽക്ക് നല്കാവുന്നതുമാണ്.

*ഉദാ: 10.04.09 ൽ 11660 അടിസ്ഥാന ശമ്പളം വാങ്ങുന്ന ഒരു സെലക്ഷൻ ഗ്രേഡ് ജീവനക്കാരന് 20.08.09 ൽ സ്പെഷ്യൽ ഗ്രേഡിലേക്ക് സമയബന്ധിത ഗ്രേഡ് പ്രമോഷൻ ലഭിക്കുകയും ടിയാൻ 28A(a) ഖണ്ഡിക ഓപ്ഷൻ നല്കുകയും ചെയ്താൽ ശമ്പള നിർണ്ണയവും അടുത്ത ഇൻക്രിമെന്റും പ്രാബല്യവും നിർണ്ണയിക്കുന്നവിധം.*

| ഗ്രേഡ് | ശമ്പളം | നിർണ്ണയിക്കുന്ന തീയതി | പ്രാബല്യ തീയതി |
|---|---|---|---|
| സെലക്ഷൻ ഗ്രേഡ് | 11660 | 10.04.09 | 01.04.09 |
| സ്പെഷ്യൽ ഗ്രേഡ് (അബ്സൊല്യൂട്ട്) | 12460 | 20.08.09 | 20.08.09<br>ഉയർന്ന സ്കെയിൽ 28A(a)<br>അനുസരിച്ച് |
| അടുത്ത ഇൻക്രിമെന്റ് | 12860 | 20.08.10 | 01.08.10 |

ഗ്രേഡ് പ്രമോഷൻ അല്ലാതുള്ള പ്രമോഷനുകൾക്ക് പ്രൊബേഷൻ പൂർത്തിയാകുന്ന തീയതി മുതല്ക്കായിരിക്കും പ്രാബല്യം.

***ചെയർമാൻ ആന്റ് മാനേജിങ് ഡയറക്ടർക്കു വേണ്ടി***
***ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ ഇൻ ചാർജ് ഓഫ്***
***എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനി)***

പകർപ്പ്:

എല്ലാ യൂണിറ്റാഫീസർമാർക്കും
ചീഫ് ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും